കേരള സർക്കാർ

നമ്പർ. 16123/ഡിബി2/09/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

തിരുവനന്തപുരം, തീയതി: 10/6/2009

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടികളിലെ വൈദ്യുതീകരണം-വൈദ്യുതി ബിൽ അടയ്ക്കുന്നത്-സംബന്ധിച്ച്.

സൂചന:- സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 11/2/09-ലെ ഐസിഡിഎസ്/എ3-40654/08

സ്വന്തമായി കെട്ടിടമുള്ള പല അംഗൻവാടികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതീകരണം സമയ ബന്ധിതമായി നടത്തുന്നില്ലെന്നും വൈദ്യുതി ബിൽ മുടക്കം കൂടാതെ അടക്കുന്നില്ലെന്നും എന്ന കാര്യം സാമൂഹ്യക്ഷേമ ഡയറക്ടർ സൂചിത കത്ത് പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യം തന്നെ 2009 ജനുവരി 16,17 തീയ്യതികളിൽ കൂടിയ അവലോകന യോഗത്തിൽ മിക്ക ശിശുവികസന പദ്ധതി ഓഫീസർമാരും പരാതി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളിൽ സമയബന്ധിതമായി വൈദ്യുതീകരണം നടത്തണമെന്നും കണക്ഷൻ ഉള്ളവയുടെ വൈദ്യുതി ബിൽ യഥാസമയം അടയ്ക്കാനും ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതാണെന്ന് അറിയിക്കുന്നു. വൈദ്യുതീകരണത്തിന് റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ഇതിന് 25/5/09-ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരമുണ്ടെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി.ഹൃഷികേശൻ നായർ

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**പകർപ്പ്:1.സാമൂഹ്യക്ഷേമ ഡയറക്ടർ**

2. എക്സിക്യൂട്ടീവ് ചെയർമാൻ &ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ-വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്:ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിനായി